**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2024** **14-10-2024 - ൽ മറുപടിയ്ക്ക്**

**തീരദേശ പരിപാലനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 2019-ലെ തീരദേശ പരിപാലന വിജ്ഞാപന പ്രകാരമുള്ള സംസ്ഥാനത്തിന്റെ തീരദേശ പരിപാലന പ്ലാൻ അംഗീകരിച്ചിട്ടുണ്ടോ; പ്രസ്തുത പ്ലാനിൽ നിലവിലെ നിയമങ്ങളിൽ നിന്ന് എന്തൊക്കെ ഇളവുകളാണുള്ളതെന്ന് വിശദമാക്കാമോ; | (എ) | സംസ്ഥാനം തയ്യാറാക്കി സമർപ്പിച്ച തീരദേശ പരിപാലന പ്ലാനിന് കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച ഔദ്യോഗിക അറിയിപ്പ് ഉടനെ ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>2019 തീരദേശ പരിപാലന വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന ഇളവുകൾ സംസ്ഥാനത്ത് ലഭിക്കുന്നതാണ്:<br><br>2011 ലെ ജനസാന്ദ്രത കണക്കിലെടുത്ത് ഒരു ചതുരശ്ര കിലോമീറ്ററിൽ 2161 പേരോ അതിൽ കൂടുതലോ ജനസംഖ്യയുള്ള വികസിത പ്രദേശങ്ങളെ സി.ആർ.ഇസഡ് III A എന്ന വിഭാഗത്തിലും അതിൽ കുറഞ്ഞ ജനസംഖ്യയുള്ള പ്രദേശങ്ങളെ സി.ആർ.ഇസഡ് III B വിഭാഗത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു. സി.ആർ.ഇസഡ് III A യിൽ വികസന നിരോധിത മേഖല കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 50 മീറ്റർ വരെയായി കുറച്ചിട്ടുണ്ട്. എന്നാൽ സി.ആർ.ഇസഡ് III B യിൽ കടലിന്റെ വേലിയേറ്റ രേഖയിൽ നിന്ന് 200 മീറ്റർ വരെ വികസന നിരോധിത മേഖലയായി തുടരും. ഉൾനാടൻ ജലാശങ്ങളുടെ (സി.ആർ.ഇസഡ് III വിഭാഗത്തിലെ) വേലിയേറ്റ രേഖയിൽ നിന്നുള്ള ദൂര പരിധി 100 മീറ്ററിൽ നിന്ന് 50 മീറ്റർ വരെയായി കുറയ്ക്കുകയും പ്രസ്തുത 50 മീറ്റർ വരെയോ ജലാശയത്തിന്റെ വീതിയോ ഏതാണോ കുറവ് അതും വികസന രഹിത മേഖലയാണ്. |
| (ബി) | സി.ആർ.ഇസഡ്. മൂന്നിൽ നിന്ന് രണ്ടിലേയ്ക്ക് മാറ്റുന്നതിന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ശിപാർശ ചെയ്ത നഗരസ്വഭാവമുള്ള 175 ഗ്രാമപഞ്ചായത്തുകളിൽ തൃശ്ശൂർ ജില്ലയിൽ നിന്നും ഏതൊക്കെ പഞ്ചായത്തുകളാണ് | (ബി) | സംസ്ഥാന സർക്കാർ ശുപാർശ ചെയ്ത 175 ഗ്രാമപഞ്ചായത്തുകളിൽ തൃശ്ശൂർ ജില്ലയിൽ നിന്നും അന്തിക്കാട്, ഇടത്തിരുത്തി, ഇടവിലങ്ങ്, എങ്ങണ്ടിയൂർ, എരിയാട്, കടപ്പുറം, കയ്പമംഗലം, കാട്ടൂർ, മാള, മണലൂർ, മതിലകം, മുല്ലശ്ശേരി, |

| | | | |
|---|---|---|---|
| | ഉൾപ്പെട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇതിൽ ഏതൊക്കെ പഞ്ചായത്തുകൾക്കാണ് കേന്ദ്രത്തിന്റെ അംഗീകാരം ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കുമോ? | | ഒരുമനയൂർ, പടിയൂർ, പാവറട്ടി ,പെരിഞ്ഞനം, പൊയ്യ, പുന്നയൂർ, പുന്നയൂർക്കുളം, ശ്രീനാരായണപുരം, തളിക്കുളം, താന്നിയം, വാടാനപ്പള്ളി, വെള്ളാങ്ങല്ലൂർ, വെങ്കിടങ്ങ് എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെട്ടിരുന്നു. കേന്ദ്ര സർക്കാർ അംഗീകാരം നൽകിയ 66 ഗ്രാമപഞ്ചായത്തുകളിൽ പാവറട്ടി ഗ്രാമപഞ്ചായത്ത് ഉൾപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ